(ബി) കാറ്റഗറി നമ്പർ 197/07 പ്രകാരം 30-11-2010-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(സി) നിലവിലുള്ള ഒഴിവുകളിൽ തസ്തികമാറ്റം വഴിയോ പ്രമോഷൻ വഴിയോ നിയമനം നടത്തുന്നതിന് എത്ര ശതമാനം ഒഴിവുകളാണ് നീക്കി വച്ചിട്ടുള്ളത് ;

(ഡി) പ്രസ്തുത അനുപാതം സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തൊക്കെ യാണെന്ന് വിശദമാക്കുമോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) നിലവിലുള്ള ഒഴിവുകൾ റാങ്ക് ലിസ്റ്റിൽ നിന്നും അടിയന്തരമായി നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എച്ച്.എസ്.എ. (മാത്സ്) - 12

(ഡെപ്യൂട്ടേഷൻ വഴി താല്കാലിക ഒഴിവ്)

എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) - 11

എച്ച്.എസ്.എ. (മലയാളം) - 7

എച്ച്.എസ്.എ. (ഹിന്ദി) - 4

എച്ച്.എസ്.എ. (അറബിക്) - 2

പി.ടി.എച്ച്.എസ്.എ. (അറബിക്) - 2

പി.ടി.എച്ച്.എസ്.എ. (ഉറുദു) - 2

(ബി) 5 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) 10 ശതമാനം

(ഡി) ജി.ഒ(എംഎസ്.) 120/99/പൊ.വി. തീയതി 25-5-1999-ൽ പറയുന്ന മാനദണ്ഡം അനുസരിച്ചാണ് നിയമനങ്ങൾ നടത്തുന്നത്. ടി ഉത്തരവിന്റെ പകർപ്പ് ഉൾക്കൊള്ളിക്കുന്നു.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

എച്ച്.എസ്.എസ്.റ്റി-സീനിയർ ഹിന്ദി, സുവോളജി, തസ്തികകളിലെ നിയമനം

43 (2046) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 20-10-2008-ന് ശേഷം സർക്കാർ സ്കൂളിൽ നിലവിൽ വന്നിട്ടുള്ള എച്ച്.എസ്.എസ്.റ്റി. സീനിയർ ഹിന്ദി തസ്തികകളുടെ ഒഴിവുകളുടെ എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

എത്രയെന്നും ആയതിൽ നിയമനം നടത്തിയിട്ടുള്ളവ എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) 22-12-2008-ന് ശേഷം സർക്കാർ സ്കൂളുകളിൽ നിലവിൽ വന്നിട്ടുള്ള എച്ച്.എസ്.എസ്.റ്റി. സുവോളജി സീനിയർ തസ്തികകളുടെ ഒഴിവുകൾ എത്രയെന്നും ആയതിൽ നിയമനം നടത്തിയിട്ടുള്ളവ എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 123 ഒഴിവുകളിൽ 60 എണ്ണത്തിൽ നിയമനം നടത്തിയിട്ടുണ്ട്.

(ബി) 32 ഒഴിവുകൾ. എല്ലാറ്റിലും നിയമനം നടത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പ്രചരണാർത്ഥം കലാജാഥ

44 (2047) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പ്രചരണാർത്ഥം ഒരു കലാജാഥ സംഘടിപ്പിച്ചിട്ടുള്ളതായി അറിവുണ്ടോ ;

(ബി) എങ്കിൽ ഏത് ഏജൻസിയാണ് ഇതുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നതെന്ന് വിശദമാക്കുമോ ; ഇതിനുള്ള ചെലവുകൾ വഹിക്കുന്നത് ഏതു ഫണ്ടിൽ നിന്നാണ് ;

(സി) എസ്.എസ്.എ.ഫണ്ടിൽ നിന്നും ഇതിനുള്ള ചെലവുകൾ വഹിക്കുന്നുണ്ടെങ്കിൽ, കേന്ദ്ര മാനവവിഭവ ശേഷി മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം ഇത് അനുവദനീയമാണോ എന്ന് വ്യക്തമാക്കുമോ ; അത് സംബന്ധിച്ച നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) വ്യക്തമായ കേന്ദ്ര നിർദ്ദേശമില്ലാതെയാണ് ഈ പരിപാടിക്ക് ഫണ്ട് നൽകുന്നതെങ്കിൽ, പ്രസ്തുത നടപടിയിൽ നിന്നും പിന്മാറാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്.എസ്.എ.യുടെ ട്രെയിനർമാരും റിസോഴ്സ് അദ്ധ്യാപകരും 3 നാടക കലാകാരൻമാരും അടങ്ങുന്ന സംഘമാണ് ടി കലാജാഥ അവതരിപ്പിക്കുന്നത്. എസ്.എസ്.എ. പദ്ധതിയിലുള്ള കമ്മ്യൂണിറ്റി മൊബിലൈസേഷൻ ഫണ്ടിൽ നിന്നാണ് ഇതിനുള്ള ഫണ്ട് വിനിയോഗിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly